# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 660 07.01.2014-ലെ മറുപടിക്ക്**

**<u>നിലവിലുള്ള സാമ്പത്തിക സ്ഥിതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | നിലവിലുള്ള സാമ്പത്തിക സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; ധവള പത്രം ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2013 നവംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 30154.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 26933.40 കോടി രൂപയേക്കാൾ 11.96% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 32463.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 30290.58 കോടി രൂപയേക്കാൾ 7.17% കൂടുതലാണ്. 2013 നവംബർ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 2736.31 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30.11.2013 ൽ ട്രഷറി ബില്ലുകളിലായി 1629.10 കോടി രൂപ നിക്ഷേപമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെയും ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവന്നിട്ടില്ല. ഇത് സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട സാമ്പത്തിക നിലയെ സൂചിപ്പിക്കുന്നു.<br><br>ധവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യമില്ല. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് പിരിച്ചെടുത്ത വിവിധ ഇനം നികുതിയിൽ നിലവിൽ കുറവ് സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ടോ യെന്ന് വെളിപ്പെടുത്തുമോ ? | ഇല്ല |

സെക്ഷൻ ഓഫീസർ